## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

72 [1211] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ തൊഴിൽ നൽകി എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനങ്ങളിൽ ഉണ്ടാകുന്ന കുറവ് നികത്താൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31,692 പേർക്ക് നൂറിലേറെ തരം തസ്തികകളിലേയ്ക്ക് കേരളത്തിലെ 82 എക്സ്ചേഞ്ചുകളിൽനിന്നും നാമനിർദ്ദേശം നൽകുകയും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് എക്സ്ചേഞ്ചുകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്. നിയമനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | .. | 6909 |
| കൊല്ലം | .. | 1766 |
| ആലപ്പുഴ | .. | 1815 |
| പത്തനംതിട്ട | .. | 939 |
| കോട്ടയം | .. | 1748 |
| ഇടുക്കി | .. | 1074 |
| എറണാകുളം | .. | 4277 |
| തൃശ്ശൂർ | .. | 2205 |
| പാലക്കാട് | .. | 1782 |
| മലപ്പുറം | .. | 1897 |
| കോഴിക്കോട് | .. | 2967 |
| വയനാട് | .. | 566 |
| കണ്ണൂർ | .. | 2459 |
| കാസറഗോഡ് | .. | 1288 |
| ആകെ | .. | 31692 |

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനങ്ങളിൽ ഉണ്ടാകുന്ന കുറവ് നികത്താൻഎല്ലാ ഉദ്യോഗദായകരും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിർബന്ധമായും അറിയിക്കാൻവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly